കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

**വാണിയംകുളം ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട്**

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം..കെ.എസ്.എ-പികെഡി-16/1964/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പാലക്കാട്

തീയതി :18-10-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാണിയംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വാണിയംകുളം ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-പികെഡി-16/1964/16 തിയ്യതി:18-10-2016

**പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.07.2016 മുതൽ 18.09.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.9.2016 മുതൽ 29.9.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | സീ.ഗ്രേഡ് ഓഡിറ്റർ |
| | കുമാരി.കാർത്തിക.പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഭാസ്കരൻ.കെ | 1.4.2015 മുതൽ 31.10.2015 വരെ |
| സെക്രട്ടറി | ശ്രീമതി.പ്രിയ.എം<br>ശ്രീ.സി.ജി.ജയകൃഷ്ണൻ | 01.11.2015മുതൽ 31.03.16 വരെ<br>1.4.2015 മുതൽ 31.03.16 വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| | | |

| | | |
|---|---|---|
| അസി.എൻജിനീയർ | ശ്രീമതി.അനുഷ.ആർ | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ.ഗോപകുമാർ.പി.എം | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ധന്യ.എസ് | 1.4.2015 മുതൽ 31.07.15 വരെ |
| | ഡോ.അനിത | 01.08.15 മുതൽ 17.08.15 വരെ |
| | ഡോ.ശ്രീജ | 18.08.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.നിർമ്മൽ സതീഷ് | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.തങ്കച്ചൻ | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശരത് മോഹൻ.പി | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പാറുകുട്ടി | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.ടി | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സന്തോഷ്.കെ | 1.4.2015 മുതൽ 23.09.15 വരെ |
| | ഡോ.അബ്ദുൾ റഷീദ് | 24.9.2015 മുതൽ 04.12.15വരെ |
| | ഡോ.അനശ്രുപ് | 05.12.15 മുതൽ 31.03.16 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ശാന്തകുമാരി.പി | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ .ടി . എസ്. ഗോപീകൃഷ്ണൻ | 01.04.15 മുതൽ 19.08.15 വരെ |
| | ശ്രീ.എം.സി.മാറ്റ് ലി | 20.08.15 മുതൽ 31.03.16 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28.3.16 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 25-9-2016 | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -45250161

വരവ് -48070158

ആകെ -93320319

ചെലവ് -64161851

നീക്കിയിരിപ്പ്-29158468

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | കൺസോളിഡേറ്റഡ് ഫണ്ട് വരവ് | ആകെ | ചെലവ് | കൺസോളിഡേറ്റഡ് ഫണ്ട് ചെലവ് | ജനറൽ ഫണ്ടിലേക്ക് ടി.സി ചെയ്തത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1422624 | *7695190 | 439693 | 1862317 | 9117814 | 439693 | | 0 |
| വികസന ഫണ്ട് എസ്.സി.പി. | 5110688 | - | 8250882 | 13361570 | 3481490 | 8250882 | 1629198 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 5305901 | - | 4469518 | 9775419 | 5909954 | 4469518 | | 0 |
| സംരക്ഷണ | 2514410 | - | 614129 | 3128539 | 1910357 | 614129 | | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഗ്രാന്റ് നോൺ റോഡ് | | | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2641142 | 2179772 | 3739868 | 8560782 | 2548577 | 3739868 | 2272337 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3793655 | - | 2520814 | | | 2520814 | 3793655 | 0 |
| എം.എൻ. ആർ.ഇ. ജി.എസ്. | 79384 | 523622 | | 603006 | 603006 | | | 0 |
| ബി ഫണ്ട് | 0 | 647730 | | 647730 | 647730 | | | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 59167759 | 163 | 43003096 | 09 | 70 | 72.6 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഒന്നുമില്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5500351 | 5930968 | 430617 | +7.8 |
| നികുതിയേതര വരവുകൾ | 3559505 | 3975103 | 415598 | +11.6 |
| മറ്റുവരവുകൾ | 1053011 | 1058255 | 5244 | +.5 |
| ആകെ | 10112867 | 10964326 | 851459 | 24.4 |

# 1-8 ക്ഷേമപദ്ധതികൾ

## തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 254640 | 131 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 160000 | 6 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.9.16ന് 3 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5007/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. വസ്തുനികുതി ഒഴികെയുള്ള മറ്റു ഡിമാന്റ് രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി തൻ വർഷക്കണക്കുകൾ AFS മായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. ജീവനക്കാരുടെ പ്രവർത്തനം ഓരോ മാസവും അവലോകനം നടത്തി നിർദ്ദേശങ്ങൾ നൽകി കാണുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.8.2016 മുതൽ 20.8.16 വരെ | ജൂലൈ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.06മുതൽ 6.10.2016 വരെ | 1997-98 മുതൽ 2005-06 വരെ | 15.11.2006 |

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്-പെർമിറ്റ് നൽകിയതും വസ്തുനികുതി ഈടാക്കിയതുമായും ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

വാണിയംകുളം ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ പ്രവർത്തിക്കുന്ന പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വാണിയംകുളം എന്ന സ്വകാര്യ സ്ഥാപനത്തിന് പെർമിറ്റ് നൽകിയതും വസ്തുനികുതി ഈടാക്കിയതുമായും ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ 29-9-2016 ന് നേരിൽ സന്ദർശിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. പ്രോജക്റ്റ് ഓഫീസ്

സ്ഥലപരിശോധന നടത്തിയപ്പോൾ IV/1041(new)[V/896(old)] എന്ന നമ്പറിൽ പ്രോജക്റ്റ് ഓഫീസ് എന്ന കെട്ടിടമാണ് പ്രവർത്തിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം IV/1041(new) നമ്പർ അക്കാഡമിക്ക് ബ്ലോക്ക് രണ്ടാം നില, വിസ്തീർണ്ണം 5344.69$m^2$ ആണ് എന്ന കെട്ടിടത്തിനാണ് അനുവദിച്ചിരിക്കുന്നത്. പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിന്റെ ഭാഗമായി നികുതി ഈടാക്കുന്ന കെട്ടിടങ്ങളിൽ പ്രോജക്റ്റ് ഓഫീസ് കെട്ടിടം ഉൾപ്പെട്ടിട്ടില്ല. ടി കെട്ടിടത്തിന്റെ വസ്തു നികുതി ഓഫീസ് ആവശ്യത്തിന്

എന്ന ഉപയോഗം പരിഗണിച്ച് പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ഓട്ടോപ്സി ബ്ലോക്ക് (Autopsy Block)

ഓട്ടോപ്സി ബ്ലോക്ക് (Autopsy Block) എന്ന പേരിൽ ഒരു കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. 771.31$m^2$ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് 3-3-2016ൽ പെർമിറ്റിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും 26-03-16 തിയതിയിലെ സെക്രട്ടറിയുടെ കത്ത് പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ലേ ഔട്ട് പുതുക്കി ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നും അംഗീകാരം വാങ്ങുന്നതിനായി കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി രശീതി കോപ്പി (15-16), ആധാരം കോപ്പി, പുതുക്കിയ ലേ ഔട്ട് എന്നിവ ഹാജരാക്കേണ്ടതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ടി കെട്ടിടത്തിന് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സിൻഡിക്കേറ്റ് ബാങ്ക്

(a) ഈ സ്ഥാപനത്തിനകത്ത് അക്കാഡമിക്ക് ബ്ലോക്കിൽ സിൻഡിക്കേറ്റ് ബാങ്കിന്റെ ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഈ സ്ഥാപനത്തിന് പ്രവർത്തനാനുമതിക്ക് പഞ്ചായത്തിലപേക്ഷിക്കുകയോ അനുമതി ലഭിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ നിയമവിരുദ്ധമായിട്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

(b) സിൻഡിക്കേറ്റ് ബാങ്കിന്റെ ബ്രാഞ്ച് പ്രവർത്തിക്കുന്ന അക്കാഡമിക്ക് ബ്ലോക്കിന്റെ മുഴുവൻ ഏരിയക്കും വിദ്യാഭ്യാസ ആവശ്യം എന്ന ക്ലാസിഫിക്കേഷനിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്. ബാങ്ക് പ്രവർത്തിക്കുന്ന ഭാഗം വ്യാവസായിക ആവശ്യമായി പരിഗണിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ് .

4. സ്റ്റാഫ് അപ്പാർട്ട്മെന്റ്

സ്റ്റാഫ് അപ്പാർട്ട്മെന്റ് (IV/1259) എന്ന ബ്ലോക്കിൽ അഞ്ച് നിലകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ആറാം നിലയുടെ നിർമ്മാണ പ്രവൃത്തി നടക്കുന്നുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ് .

5. സബ് സ്റ്റേഷൻ

സബ് സ്റ്റേഷൻ കെട്ടിടത്തിന്റെ മേൽക്കൂര ഷീറ്റ് എന്ന് രേഖപ്പെടുത്തി വസ്തുനികുതിയിൽ 10 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ടി കെട്ടിടം കോൺക്രീറ്റ് ബിൽഡിങ്ങ് ആണെന്ന് ബോധ്യപ്പെട്ടു.ആയതിനാൽ വസ്തുനികുതി പുന:പരിശോധിച്ച് ഈടാക്കേണ്ടതാണ്. കൂടാതെ ആയതിനനുസരിച്ച് കുടിശ്ശിക നികുതിയും ഈടാക്കേണ്ടതാണ്.

6. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് പാലക്കാട് ഡിവിഷണൽ ഓഫീസറുടെ 31-8-2013ലെ എ-3321/2013 നമ്പർ എൻ.ഒ.സി.പ്രകാരം 5 നിലകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് . എന്നാലിപ്പോൾ 8 നിലകളിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.പുനരംഗീകാരം നൽകിയത് ഷൊർണ്ണൂർ സ്റ്റേഷൻ ഓഫീസറാണ്.
7. ആശുപത്രി കെട്ടിടത്തിൽ 6 മുറികളിലായി സെൻട്രലൈസ്ഡ് എ. സി ഫിറ്റ് ചെയ്തിട്ടുള്ളതായി നേരിൽ സന്ദർശിച്ചപ്പോൾ ബോധ്യപ്പെട്ടു. ഇത് പരിഗണിക്കാതെയാണ് ടി കെട്ടിടത്തിന്റെ വസ്തു നികുതി

ഈടാക്കിയിരിക്കുന്നത്. സെൻട്രലൈസ്ഡ് എ.സി. ഫിറ്റ് ചെയ്തത് പരിഗണിച്ച് ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

8. ആശുപത്രിയുടെ മുന്നിൽ പ്രവർത്തിക്കുന്ന എ.ടി.എം.സെന്ററിന് പഞ്ചായത്തിന്റെ അനുമതിയില്ല. കൂടാതെ ഈ സ്ഥാപനത്തിന്റെ വസ്തുനികുതിയും പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.
9. അംഗീകരിച്ച പ്ലാനിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ മാറ്റം വരുത്തുന്ന പ്രവണത തടയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 ലേലം -ചട്ടം പാലിക്കാതെ ലേല തുകയിൽ ഇളവ് അനുവദിച്ചു.

A) <u>വാണിയംകുളം ചന്ത ലേലം -ചട്ടം പാലിക്കാതെ ലേല തുകയിൽ ഇളവ് അനുവദിച്ചു.</u>

2015-16 വർഷത്തേക്കുള്ള വാണിയംകുളം കന്നുകാലി ചന്തയുടെ പിരിവിന്റെ കുത്തക അവകാശം സത്യഭാമ.വി, പനയൂർ, വാണിയംകുളം എന്നയാൾക്ക് ടെണ്ടർ നടപടികളിലൂടെ നൽകിയിട്ടുള്ളതാണ്. 29-07-15 ലെ 12-ആം നമ്പർ തീരുമാനപ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കന്നു കാലികളുടെ വരവ് തടസ്സപ്പെട്ടതിനെ തുടർന്ന് ചന്ത പ്രവർത്തിക്കാത്ത ദിവസങ്ങൾക്ക് ലേല സംഖ്യയിൽ ഇളവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.ഇത് പ്രകാരം ലേലതുകയിൽ 1,62,777/- രൂപ കുറവ് നൽകി കൊടുത്തിട്ടുണ്ട്.

1998ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പാട്ടക്കാരൻ /കരാറുകാരൻ അതിനുള്ള കാരണം വിശദമാക്കുന്ന ഒരു അപേക്ഷ പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. (ഉപചട്ടം 1). കിഴിവിനുള്ള അപേക്ഷയിൽ സെക്രട്ടറി അന്വേഷണം നടത്തി പഞ്ചായത്തിന് റിപ്പോർട്ട് നൽകേണ്ടതാണ് (ഉപചട്ടം 2). 30 ദിവസത്തിനകം പഞ്ചായത്ത് കമ്മിറ്റ് തീരുമാനമെടുക്കേണ്ടതും (3), 10,000 രൂപയ്ക്ക് മുകളിൽ കിഴിവനുവദിക്കുന്നതിനു മുമ്പ് പഞ്ചായത്ത് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. (ഉപചട്ടം 4).

ലേലം കൊണ്ട ശ്രീമതി.സത്യഭാമ.വി ലേലത്തുകയിൽ ഇളവ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, 10,000 രൂപയ്ക്ക് മുകളിൽ ഇളവു നൽകുന്നതിനായി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇളവ് അനുവദിച്ച 1,62,777/- രൂപ ഈയിനത്തിലെ നഷ്ടമായി കണക്കാക്കുന്നു.

B. 2015-16 സാമ്പത്തിക വർഷം ഫല വൃക്ഷങ്ങളുടെ ലേലം ആർക്കാണ് ഉറപ്പിച്ച് നൽകിയിരിക്കുന്നത് എന്നത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലേലം സംബന്ധിച്ച രജിസ്റ്ററുകളിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 2-3 'ഡി & ഒ' ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2015-16 സാമ്പത്തിക വർഷം 'ഡി & ഒ' ലൈസൻസ് അനുവദിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. നിരവധി സ്ഥാപനങ്ങൾക്ക് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ,സെക്രട്ടറിയുടെ തീരുമാനം എന്നിവ ഇല്ലാതെ തന്നെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാ:

| ലൈസൻസ് നം | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 1/15-16 | സുകുമാരൻ.പി.യു,കൃഷ്ണാലയം,മനിശ്ശേരി | പലചരക്ക് കട |
| 104/15-16 | കൃഷ്ണദാസ്.ഇ.കെ, ഏലംകുളത്ത്-വീട്, വാണിയംകുളം | വൈദ്യരത്നം ഔഷധശാല |
| 208/15-16 | അബ്ദുൾജബ്ബാർ,മൂച്ചിക്കുട്ടത്തിൽ,തൃക്കടീരി | ജാസ് ബേക്ക്സ് |

2. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യ വുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ പട്ടിക V പ്രകാരം ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ നിരവധി സ്ഥാപനങ്ങൾക്ക് ഈ വ്യവസ്ഥ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഉദാ:

| ലൈസൻസ് നം | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 35/15-16 | അജിത്കുമാർ.ടി,താന്നിശ്ശേരി,കുനത്തറ | അമ്പാടി കൂൾബാർ |
| 119/15-16 | കെ.വി.ഷംസുദ്ദീൻ,ചുനങ്ങാട്,ഒറ്റപ്പാലം | ടേസ്റ്റ് ഹട്ട് റസ്റ്റോറന്റ് |
| 179/15-16 | സിന്ധു.പി,കണ്ണിയംപുറം,ഒറ്റപ്പാലം | കേരള അഗ്രോ ഫുഡ്സ് |

3)താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതിപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

| ലൈസൻസ് നം | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 9/15-16 | രാമചന്ദ്രൻ,സ്രാമ്പിക്കൽ,കുനത്തറ | രമ്യ കട് ലറി ഇൻഡസ്ട്രീസ് |
| 61/15-16 | മുഹമ്മദ് അഷ്റഫ്, വെളുത്തോതൊടിയിൽ(HO), ഒറ്റപ്പാലം | അൽ-സിനാൻ പ്ലാസ്റ്റിക് ഗ്രൈൻഡിംഗ് മിൽ |
| 223/15-16 | മധുസൂദനൻ.വി.ടി,ഞാളൂർ(HO),കുനത്തറ | ടയർ റീട്രേഡിംഗ് കമ്പിനി |
| 386/15-16 | സുചിത്ര,പനയൂർ,വാണിയംകുളം | വൃന്ദാവൻ സിമന്റ് പ്രൊഡക്ട്സ് |

4. ഡി&ഓ ലൈസൻസ്-നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഡി&ഓ ലൈസൻസികളിൽ നിന്നും താഴെ പറയുന്ന രേഖകൾ അപേക്ഷകളോടൊപ്പം വാങ്ങി സൂക്ഷിച്ചിട്ടില്ല.

a) സ.ഉ(എം.എസ്)നം. 323/2011/ത.സ്വ.ഭ.വ തീ. 27-12-2011 നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.

b) സർക്കുലർ നമ്പർ 63624/ ആർ.സി.2/ 2008/ ത.സ്വ.ഭ.വ തീ. 15-06-2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.

c)സർക്കുലർ നം.15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ തിയതി 26-4-2011 അനുസരിച്ച് ഡി&ഓ ലൈസൻസികളോട് പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടോയെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

# 2-4 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2015-16 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം (രസീതി നം./ തി.) | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് ലിമിറ്റഡ്, വാണിയംകുളം | 5 | ഒന്നാം അർദ്ധ വർഷം 5250/- (11504400010/25-08-15) | രണ്ടാം അർദ്ധ വർഷം |
| 2 | മാന്നനൂർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 3 | ഒന്നാം അർദ്ധ വർഷം 1650/- (1154102690/09-09-15) | രണ്ടാം അർദ്ധ വർഷം |
| 3 | അർച്ചന മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മനിശ്ശേരി | 27 | രണ്ടാം അർദ്ധ വർഷം 10140/-(11504106604/04-03-16) | ഒന്നാം അർദ്ധ വർഷം |

ബി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| മാവേലി സ്റ്റോർ, വാണിയംകുളം | ഒന്നാം അർദ്ധ വർഷം |
| കെ.എസ്.ഇ.ബി,വാണിയംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| ബി.എസ്.എൻ.എൽ,വാണിയംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| എസ്.ബി.ഐ,വാണിയംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| ഫെഡറൽ ബാങ്ക് ലിമിറ്റഡ്,വാണിയംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| കെ.എം പെട്രോളിയം ഏജൻസീസ്,വാണിയംകുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| പോപ്പുലർ വെഹിക്കിൾസ് & സർവ്വീസസ് ലിമിറ്റഡ്,മനിശ്ശേരി | ഒന്നും രണ്ടും അർദ്ധ വർഷം |
| അർച്ചന മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,മനിശ്ശേരി | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നോ ജീവനക്കാരിൽ നിന്നോ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതി നമ്പറും തിയതിയും വ്യക്തമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.18/27-9-16) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച

ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഡിമാന്റ ചെയ്ത് ഈടാക്കേണ്ടതാണ്.

സ്ഥല പരിശോധന നടത്തിയപ്പോൾ വാണിയംകുളം ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ പ്രവർത്തിക്കുന്ന പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വാണിയംകുളം എന്ന സ്വകാര്യ സ്ഥാപനത്തിൽ അക്കാഡമിക്ക് ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ലോറിൽ സിൻഡിക്കേറ്റ് ബാങ്കിന്റെ ബ്രാഞ്ച് പ്രവർത്തിക്കുന്നതായി കണ്ടു. ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ടി സ്ഥാപനം ഉൾപ്പെട്ടിട്ടില്ല.

സിൻഡിക്കേറ്റ് ബ്രാഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതിയും (ടേൺ ഓവർ അടിസ്ഥാനത്തിൽ), ജീവനക്കാരുടെ തൊഴിൽ നികുതിയും (സ്ഥാപനം തുടങ്ങിയ വർഷം തൊട്ട്) ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

വാണിയംകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.ഈ വിഷയം മുൻ വർഷത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം |
|---|---|---|
| 1 | 9/370 | BSNL TELECOM, സിവിൽ സബ്ഡിവിഷൻ |
| 2 | 10/374 | BSNL TELECOM, സിവിൽ സബ്ഡിവിഷൻ |
| 3 | 10/357 | ഭാരതി ഇൻഫ്രാടെൽ,എയർടെൽ |
| 4 | 13/503 | ഐഡിയ മൊബൈൽ കമ്മൂണിക്കേഷൻ ലിമിറ്റഡ് |
| 5 | 16/289 | ഭാരതി ഇൻഫ്രാടെൽ,എയർടെൽ,NH Byepass |
| 6 | 18/73 | ടാറ്റ വയർലെസ് ടി.ടി,ഇൻഫ്രാ സർവീസ് ലിമിറ്റഡ് , കുന്നത്തറ |
| 7 | 5/306 | ഇൻഡസ് ടവർ ലിമിറ്റഡ് II nd floor, SLഅവന്യൂ കൊച്ചിൻ |

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ഒരു വാഹനം രണ്ട് യാത്രകൾക്ക്

# വിനിയോഗിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു- തുക നിരാകരിക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി എച്ച് സി)

2015-16 വർഷത്തിൽ നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി ( പദ്ധതിനം.39/1) ആവിഷ്കരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 100000 രൂപയും സിഎഫ് സി ഗ്രാന്റിൽനിന്ന് 300000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഹോം കെയർ നടത്തുന്നതിനായി ശ്രീ.രവി.കെ, കളത്തിൽതൊടി, പാവുക്കോണം, എന്നയാളിന്റെ KL8K6186 വാഹനമാണ് ഉപയോഗിച്ചിട്ടുള്ളത്. ഹോംകെയർ നടത്തിയ ചില ദിവസങ്ങളിൽ സമഗ്ര ആരോഗ്യപരിപാടി (പദ്ധതിനം.38/16) പ്രകാരമുള്ള കുത്തിവെപ്പിനുള്ള യാത്രകൾക്കും ശ്രീ.രവി.കെ, കളത്തിൽതൊടി, പാവുക്കോണം, എന്നയാളിന്റെ KL8K6186 വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നു. ഇത്തരത്തിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | സമഗ്ര ആരോഗ്യ പദ്ധതി | | | | പാലിയേറ്റീവ് കെയർ പദ്ധതി | | | |
|---|---|---|---|---|---|---|---|---|
| | ട്രഷറി ബിൽ നം. | തുക | യാത്ര നടത്തിയ സ്ഥലം | അനുവദിച്ച തുക | ട്രഷറി ബിൽ നം. | തുക | സ്ഥലം | അനുവദിച്ച തുക |
| 17.4.2015 | 5/ 11.9.15 | 11750 | IPP centre, മനിശ്ശേരി | 750 | 1/ 30.6.15 | 19875 | വാർഡ് 13,14, 15,16 | 1300 |
| 12.5.2015 | " | " | FWC, ചെറുകാട്ടുപുലം | 750 | “ | " | വാർഡ് 5,6,7,8 | 1300 |
| 12.6.2015 | " | " | IPP centre, മനിശ്ശേരി | 750 | " | " | വാർഡ് 12,13, 14,15 | 1300 |
| 23.7.15 | 8/ 25.1.16 | 22500 | IPP centre, ചോറോട്ടൂർ, മൂന്ന് അങ്കണ വാടികളിലും | 750 | 6/ 15.10.15 | 42770 | വാർഡ് 17,1,2,3 | 1300 |
| 9.11.15 | " | " | IPP centre, ചോറോട്ടൂർ, മൂന്ന് അങ്കണ വാടികളിലും | 750 | 9/ 25.1.16 | 89020 | വാർഡ് 5,6,7,8 | 1300 |
| 12.1.16 | 11/26.3.16 | 7500 | FWC ചെറുകാട്ടുപുലം, മൂന്ന് അങ്കണ വാടികളിൽ | 750 | 13/ 26.3.16 | 30205 | വാർഡ് 9,10,11 | 1300 |
| 22.1.16 | " | " | RCH കൂനത്തറ യിലും മൂന്ന് അങ്കണ വാടികളിലും | 750 | " | " | വാർഡ് 16,17,18 | 1300 |
| 8.2.16 | " | " | IPP centre, ചോറോട്ടൂർ, മൂന്ന് അങ്കണ വാടികളിലും | 750 | 14/ 26.3.16 | 20326 | വാർഡ് 12,13,14 | 1300 |
| 8.3.16 | 12/ 26.3.16 | 3750 | FWC ചെറുകാട്ടുപുലം, മൂന്ന് അങ്കണ വാടികളിൽ | 750 | 17/ 31.3.16 | 66693 | വാർഡ് 5,6,7,8 | 1300 |

| 18.3.16 | " | " | IPP centre, മനിശ്ശേരി | 750 | 17/ 31.3.16 | 66693 | വാർഡ് 5,6,7,8 | 1300 |
|---|---|---|---|---|---|---|---|---|
| | | | ആകെ | 7500 | | | | |

ആകെ അധികം നൽകിയ തുക- 750 x10=7500

പാലിയേറ്റീവ് കെയറിനുള്ള ഹോംകെയർ നടന്നിട്ടുള്ളത് രാവിലെ മുതൽ വൈകുന്നേരം വരെയുള്ള സമയത്താണെന്ന് ഹോകെയർ രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ദിവസം തന്നെ വ്യത്യസ്ത യാത്രകൾക്ക് ഒരേ വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തി പദ്ധതി ഫണ്ട് അനുവദിച്ചതുമൂലമുള്ള നഷ്ടം 7500 രൂപ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/23.9.16) മറുപടി നൽകുകയുണ്ടായില്ല. അധികം ചെലവായ 7500 രൂപ നിരാകരിക്കുന്നു.

# 3-2 രോഗപ്രതിരോധ കുത്തിവെപ്പിനുള്ള വാഹനവാടക പദ്ധതിഫണ്ടിൽ നിന്നും നൽകി-തുക തടസപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (PHC)

പദ്ധതി-സമഗ്ര ആരോഗ്യ പദ്ധതി

എല്ലാ ആഴ്ചകളിലും ഹെൽത്ത്സബ്സെന്ററുകളിലും വിവിധ അങ്കണവാടികളിലും വെച്ച് നടന്നിട്ടുള്ള രോഗപ്രതിരോധ കുത്തിവെപ്പ് പ്രവർത്തനങ്ങൾക്കുള്ള വാഹനവാടക നൽകുന്നതിനുവേണ്ടി ഓഡിറ്റ് വർഷങ്ങളിൽ താഴെപ്പറയും പ്രകാരം പദ്ധതി തയ്യാറാക്കി പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്റ്റ് നം. | ചെലവ് | ബിൽ നം. |
|---|---|---|---|
| 2015-16 | 38/16 ജനറൽ | 45500 | 5/11.9.15, തുക-11750<br>8/25.1.16, തുക-22500<br>11/26.3.16, തുക-7500<br>12/26.3.16, തുക-3750 |

മേൽപ്പറഞ്ഞ ചെലവുകളെല്ലാം സബ്സെന്ററുകളിലേക്കും അങ്കണവാടികളിലേക്കും വാഹനമോടിച്ചതിന്റെ വാടകയായി ശ്രീ.രവി.കെ,കളത്തിൽതൊടി, പാവുക്കോണം എന്നയാൾക്ക് അനുവദിച്ചിട്ടുള്ളതാണ്.

ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തേണ്ട വകുപ്പ്പ്രോഗ്രാമുകളായ രോഗപ്രതിരോധ കുത്തിവെപ്പ് പോലുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതി ആവിഷ്കരിച്ച് പ്ലാൻ ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല. ചെലവ് തുക 45500രൂപ തടസപ്പെടുത്തുന്നു.

# 3-3 സ്കൂൾ-ക്ളബുകൾക്ക് പത്ര മാസികകൾ വിതരണം പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ:ഹെഡ്മിസ്ട്രസ്സ്, G.V.H.S.S കുനത്തറ
പ്രോജക്റ്റ് നം:88/16

അടങ്കൽ : 75,000/-

ചെലവ് : 75,000/-(ഡി.ഡിനമ്പർ 803284 / 12-04-16 തനത് ഫണ്ട്,ചെക്ക് നം.594620/22-03-16)

പഞ്ചായത്തിലെ വിദ്യാലയങ്ങൾക്കും അംഗീകൃത ക്ലബ്ബുകൾക്കും മലയാളം, ഇംഗ്ലീഷ് ദിനപത്രങ്ങൾ വിതരണം ചെയ്ത വകയിൽ 75000 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് പത്രം

ഏജന്റ് ശ്രീ.ബാലസുബ്രഹ്മണ്യന് ഡി.ഡിനമ്പർ 803284 / 12-04-16 പ്രകാരം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 6 എൽ.പി. സ്കൂളുകളിലും 5യു.പി. സ്കൂളുകളിലും 2 ഹൈ സ്കൂളുകളിലും 8 ക്ലബുകളിലും പത്രങ്ങൾ നൽകുവാനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

a)സ്കൂളുകൾ,ക്ലബുകൾ / വായനശാലകൾ പത്രം കൈപ്പറ്റിയതായുള്ള രശീതുകൾ

b)ക്ലബുകൾക്ക് വിതരണം നടത്തിയിട്ടുണ്ടോ,ഉണ്ടെങ്കിൽ അവ നിയമാനുസൃതം രജിസ്റ്റർ ചെയ്ത ക്ലബുകളാണെന്ന് ഉറപ്പുവരുത്തുവാനുള്ള രേഖകൾ

c)ആനുകൂല്യങ്ങൾ നൽകിയ വായനശാലകൾ ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളാണെന്ന് ഉറപ്പുവരുത്തുവാനുള്ള രേഖകൾ

d)75000/- രൂപ അനുവദിച്ചതിൽ 40,025/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത് .ബാക്കിയുള്ള 34,975/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.8/26-09-16) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.ദേശാഭിമാനി പബ്ലിക്കേഷൻസ് എന്ന സ്ഥാപനത്തിന് 09-09-16 തിയതിയിൽ നൽകിയ 54,000/- രൂപയുടെ ബില്ലാണ് സമർപ്പിച്ചിരിക്കുന്നത്.2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതിയുടെ ചെലവ് രേഖയായി ടി ബില്ല് അംഗീകരിക്കാൻ കഴിയില്ല.ആയതിനാൽ വ്യക്തമായ ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 34,975/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-4 അതുല്യം പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥ:ഹെഡ്മിസ്ട്രസ്സ്, G.V.H.S.S കൂനത്തറ

പ്രോജക്ട് നം:68/16

അടങ്കൽ :50000/-

ചെലവ് : 50000/-(ഡി.ഡിനമ്പർ 803286 / 12-04-16 തനത് ഫണ്ട്,ചെക്ക് നം.594620/22-03-16)

പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 18-50 ഇടയ്ക്ക് പ്രായമുള്ള താൽപര്യമുള്ളവർക്ക് 4-ാം ക്ലാസ് തുല്യത പരീക്ഷ നടത്തി തുടർ പഠന സാദ്ധ്യതയൊരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ടി പദ്ധതിയുടെ നടത്തിപ്പിനായി 50000/- രൂപ തനത് ഫണ്ടിൽ നിന്നും ഡി.ഡി.നമ്പർ 803286 / 12-04-16 പ്രകാരം സൂരജ് ബാബു,അതുല്യം കോ-ഓഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്.ആകെ 13 ഇൻസ്ട്രക്ടർമാരാണ് ക്ലാസ്സ് നൽകിയിരിക്കുന്നത്.2015-16 സാമ്പത്തിക വർഷം എത്ര പേർ പരീക്ഷയിൽ പങ്കെടുത്തു,എത്ര പേർ പാസ്സായി,ക്ലാസ്സ് നടത്തിയ കാലയളവ്,സമയം,ഓരോ ഇൻസ്ട്രക്ടർമാരും ക്ലാസ്സ് നൽകിയത് ഏതൊക്കെ വാർഡുകളിൽ എത്ര പേർക്ക് വീതമാണ് എന്നത് സംബന്ധിച്ച പേര്,മേൽ വിലാസം സഹിതമുള്ള വിവരങ്ങൾ തുടങ്ങിയവയൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/26-09-16) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

ആകെ 121 പേർ പരീക്ഷ എഴുതിയതിൽ 52 പേർ പാസ്സായിട്ടുണ്ടെന്നും 2015-16 ഏപ്രിൽ,മെയ് മാസങ്ങളിലാണ് ക്ലാസ്സ് നടത്തിയിരിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ പറഞ്ഞിട്ടുണ്ട്.എന്നാൽ ജനുവരി/2015 മുതൽ മാർച്ച്/2015 വരെയുള്ള കാലയളവിൽ ക്ലാസ്സെടുത്ത വകയിലാണ് ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം അനുവദിച്ചിരിക്കുന്നത്. ജനുവരി/2015, ഫെബ്രവരി/2015 കാലയളവിൽ മഞ്ജുള.പി,അംബിക.പി.ബി എന്നീ രണ്ട് ഇൻസ്ട്രക്ടർമാർ സമർപ്പിച്ച അറ്റഡൻസ് രേഖപ്പെടുത്തിയ പത്രികകളിൽ ഒരേ വ്യക്തികൾ തന്നെയാണ് പങ്കെടുത്തിരിക്കുന്നത്. മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പത്താംതരം തുല്യത പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥ:ഹെഡ്മിസ്ട്രസ്സ്, G.V.H.S.S കുനത്തറ

പ്രോജക്ട് നം:36/16

അടങ്കൽ :50000/-

ചെലവ് : 50000/-(ഡി.ഡിനമ്പർ 803285 / 12-04-16 തനത് ഫണ്ട്, ചെക്ക് നം.594620/22-03-16 )

പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 17 വയസ്സ് പൂർത്തീകരിച്ച താൽപര്യമുള്ളവർക്ക് തുടർ പഠന സാദ്ധ്യതയൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.2015-16 സാമ്പത്തിക വർഷം 80 (എസ്.സി-24,ജനറൽ -56)ഗുണഭോക്താക്കൾ പരീക്ഷ എഴുതുന്നതിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.ടി ഗുണഭോക്താക്കൾക്ക് പുസ്തകങ്ങൾ നൽകുന്നതിനും അവരുടെ പരീക്ഷ ഫീസ് ഉൾപ്പെടെയുള്ള സൌകര്യങ്ങൾക്ക് 92,000/- രൂപ പ്രതീക്ഷിത ചെലവ് കാണിച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

എസ്.സി വിഭാഗം -24*100 = 2400/-

ജനറൽ വിഭാഗം -56 *1600 = 89,600/-

ആകെ =92,000/-

ഡി.ഡി.നമ്പർ 803285 / 12-04-16 പ്രകാരം 50000/- രൂപ തനത് ഫണ്ടിൽ നിന്നും കേരള സാക്ഷരത മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.സെക്രട്ടറിയുടെ നം.എ3-275/15 തി.27-06-16 കത്ത് (ജില്ലാ കോ-ഓഡിനേറ്റർ,ജില്ലാ സാക്ഷരത മിഷന് അയച്ചത്) പ്രകാരം ബാക്കി നിൽക്കുന്ന 42000/- രൂപ 2016-17 നടപ്പ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അടയ്ക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്.എന്നാൽ നാളിതുവരെയായിട്ടും 2016-17 പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 50000/- രൂപ കൊണ്ട് പ്രയോജനമൊന്നുമുണ്ടായിട്ടില്ല.പദ്ധതിക്ക് തുക വകയിരുത്തുമ്പോൾ ഭാഗികമായി വകയിരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കമ്പ്യൂട്ടർ നൽകൽ-ഗ്രാമസഭയിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

നിർവഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.191/16 (അന്ധർക്ക് കമ്പ്യൂട്ടർ ധനസഹായം ) നൽകൽ പ്രകാരം കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് ബിൽ നം. 7/17.3.16 പ്രകാരം 65280 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു കമ്പ്യൂട്ടറിന് 32640 രൂപ നിരക്കിൽ കേരളാ

സ്റ്റേറ്റ് ഹാന്റികാപ്ഡ് പേഴ്സൺസ് വെൽഫെയർ എന്ന സ്ഥാപനത്തിൽനിന്നാണ് വാങ്ങിയിട്ടുള്ളത്. കേരള വാല്യു ആഡഡ് ടാക്സ് റൂൾസ് 2005 പ്രകാരം നിശ്ചിത പ്രഫോർമയിലുള്ള ഇൻവോയ്സ് ലഭ്യമാക്കുന്നതിനു പകരം സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ തയ്യാറാക്കിയ 'ബിൽ' മാത്രമാണ് നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ വരുമാന നഷ്ടം വന്നിട്ടില്ലെന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ പദ്ധതിപ്രകാരം കമ്പ്യൂട്ടർ നൽകിയ വ്യക്തികളുമായി എഗ്രിമെന്റ് വെയ്ക്കാതെയാണ് കമ്പ്യൂട്ടർ നൽകിയിട്ടുള്ളത്.

ഈ പദ്ധതിപ്രകാരം കമ്പ്യൂട്ടർ നൽകിയ ഒ.വി. സഹജ എന്നയാളുടെ ആധാർകാർഡ് (നം.830436271543), റേഷൻ കാർഡ്, വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് എന്നീ രേഖകൾ പരിശോധിച്ചതിൽ ടിയാരിയുടെ മേൽവിലാസം ഓലക്കോട്ടിൽ വീട്, വാടാനപ്പിള്ളി, തൃശ്ശൂർ എന്നാണ്. ടിയാൾ ഈ ഗ്രാമപഞ്ചായത്തിലെ വോട്ടറാണെന്ന് തെളിയിക്കുന്ന ഇലക്ഷൻ ഐഡി കാർഡ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹെലൻകെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിലെ അന്തേവാസിയാണെന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടർ നൽകിയിട്ടുള്ളത്. ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭയിൽ ഈ ഗുണഭോക്താവിനെ തെരഞ്ഞെടുത്തതായി കാണുന്നില്ല. ഇക്കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടിയാൾക്ക് വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽനിന്നും ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

നിർവഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ഐ. എ. വൈ അധികവിഹിതം നൽകൽ-പദ്ധതി പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയ താഴെപ്പറയുന്ന തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| വർഷം | പ്രൊജക്ട്നം. | ചെലവ് | റിമാർക്സ് |
|---|---|---|---|
| 2015-16 | So 21/16(ജനറൽ) | 380000 | ബിൽനം.3/30.2.16 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

# 3-8 കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകകൾ സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

വാണിയംകുളം പഞ്ചായത്തിലെ കൃഷി ഓഫീസറുടെ ക്യാഷ് ബുക്ക് പ്രകാരം പ്ലാൻ അക്കൗണ്ടിൽ 3760.30രൂപയും, ഹരിയാലി അക്കൗണ്ടിൽ 277 രൂപയും റിവോൾവിങ്ങ് ഫണ്ട് അക്കൗണ്ടിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് (വാണിയംകുളം സർവീസ് കോപ്പറേറ്റീവ് ബാങ്ക്, സേവിങ്ങ്സ് അക്കൌണ്ട് നമ്പർ 0101006361)പ്രകാരം 31-3-2015ലെ നീക്കിയിരിപ്പ് പ്രകാരം (നിലവിലെ നീക്കിയിരിപ്പ് ലഭ്യമാക്കാൻ ഓഡിറ്റന്വേഷണം 16 നൽകിയെങ്കിലും ലഭ്യമാക്കിയിട്ടില്ല) 128753/- രൂപയും അടിയന്തിരമായി അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. 31-3-2016ലെ നീക്കിയിരുപ്പ് തുക പരിശോധിച്ച് ആ തുകയാണ് സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടത് .

# 3-9 കുടുംബശ്രീ അക്കൌണ്ടുകളിൽ ചെലവഴിക്കാതെ കിടക്കുന്ന പദ്ധതി പണം സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

വാണിയംകുളം പഞ്ചായത്തിലെ കുടുംബശ്രീയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ സേവിങ്ങ്സ് ബാങ്ക് അക്കൌണ്ടുകളായ 10535298061,30038144833 എന്നിവയിൽ 2005-06 വർഷത്തിൽ ജില്ലാ

പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച യഥാക്രമം 995000/-,970000/- ആകെ 1965000/-രൂപ നാളിതു വരെ ചെലവഴിക്കാതെ നീക്കിയിരിപ്പായിട്ടുണ്ട് ടി തുക നിലവിൽ ഉപയോഗിക്കാൻ കഴിയാത്തതിനാൽ അടിയന്തരമായി സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

# 3-10 തെരുവു വിളക്ക് റിപ്പയർ അപാകതകൾ

തെരുവ് വിളക്ക് റിപ്പയർ (പദ്ധതി നമ്പർ 48/2016) നടത്തിയതിന് അദ്വൈത് അസോസിയേറ്റ്സിന്, (കേരളശ്ശേരി) താഴെ പട്ടികയിൽ കാണിച്ച തുകകൾ നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ/തിയതി | വൗച്ചർ നമ്പർ | തുക |
|---|---|---|
| 51500166/20-10-2015 | 21500613 | 123756 |
| 51500851/19-1-2016 | 21500854 | 123756 |
| 51500393/18-8-2015 | 21500390 | 123756 |
| ആകെ | | 371268 |

ഈ പ്രവൃത്തിയിലെ അപാകതകൾ കണ്ടാലും

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇതു സംബന്ധിച്ച സർകുലർ പ്രകാരമുള്ള പരാതി രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ ആകെ 8 പരാതികൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ കരാറുകാരൻ തന്നെ ഹാജരാക്കിയ വർക്ക് ഡയറി പ്രകാരം ഓരോ തവണയും 150മുതൽ 250 ട്യൂബ് ലൈറ്റുകൾ വീതം നന്നാക്കിയെന്നാണ് അവകാശപ്പെട്ടിട്ടുള്ളത് ഇക്കാര്യം കെ.എസ്.ഇ.ബി അസി.എൻജിനീയറും, വാർഡ് മെമ്പർമാരും സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

2. കെ.എസ്..ഇ.ബി. അസി.എൻജിനീയറുടെ സാക്ഷ്യപ്പെടുത്തലിൽ ലൈറ്റ് തിരിച്ചുള്ള സാക്ഷ്യപത്രമില്ല, മറിച്ച് കരാറുകാരൻ അവകാശപ്പെട്ട വിളക്കുകളെല്ലാം നന്നാക്കിയിട്ടുണ്ടെന്നാണ്.ഇത് ഓഡിറ്റിൽ അംഗീകരിക്കാൻ സാധ്യമല്ല.
3. വിളക്കുകൾ റിപ്പയർ ചെയ്തതായി പറഞ്ഞിട്ടുണ്ടെങ്കിലും നേരെയാക്കാൻ വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല, ആയത് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥബിൽ ഹാജരാക്കാത്തതിനാൽ ഐ.എസ്.എ ഗുണനിലവാരമുള്ള വിളക്കുകളും സ്പെയർപാർട്ട്സുകളുമാണ് കരാറുകാരൻ ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ ഭരണസമിതിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കഴിഞ്ഞിട്ടില്ല. കൂടാതെ റിപ്പയർ ചെയ്ത വിളക്കുകളൊന്നു നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും ഇതിനു കാരണം ഗുണനിലവാരമില്ലാത്ത പാർട്ട്സുകളുപയോഗിച്ച് റിപ്പയർ നടത്തിയതാണെന്നും എക്സിറ്റ് മീറ്റിങ്ങിൽ സന്നിഹിതരായിരുന്ന മെമ്പർമാരും സെക്രട്ടറിയും (മുൻ സെക്രട്ടറി) പറഞ്ഞു.
4. ട്യൂബ് ലൈറ്റുകൾ മാത്രമാണ് നേരെയാക്കിയിട്ടുള്ളത് എന്നാൽ എ.എം.സി (എല്ലാ വിളക്കുകൾക്കുമുള്ളത് )പ്രകാരമാണ് തുക നൽകിയിട്ടുള്ളത് .
5. എ.എം.സി കരാറിൽ നേരെയാക്കിയ വിളക്കുകളുടെ ഗാരന്റി ഉറപ്പു വരുത്തിയിട്ടില്ല.

6. നേരെയാക്കിയ വിളക്കുകൾ സംബന്ധിച്ചുള്ള വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച തുകകൾ നിരാകരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് /24-9-2016) സെക്രട്ടറി നല്കിയ മറുപടി താഴെ പറയുന്നു.

“തെരുവു വിളക്കുകൾ സംബന്ധിച്ച പരാതികൾ ജനങ്ങൾ മെമ്പർമാരുടെ അടുത്ത് പറയുകയും ടെലഫോൺ മുഖാന്തിരം അറിയിക്കുകയുമാണ് പതിവ്. ഗ്രാമപഞ്ചായത്തിൽ വന്ന് രജിസ്റ്ററിൽ എഴുതുന്നവർ കുറവാണ്. ഭൂരിഭാഗം ലൈറ്റുകളും ട്യൂബ് ലൈറ്റുകളാണ്. കെ.എസ്.ഇ.ബിയുടെ കണക്ക്

പ്രകാരമുള്ള ബൾബുകൾ യഥാർത്ഥത്തിൽ ഉള്ളവയല്ല എന്നുമാണ്."തെരുവ് വിളക്ക് റിപ്പയർ സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകിയില്ല. മുകളിൽ പ്രതിപാദിച്ച അപാകതകൾ കാരണം ചെലവഴിച്ച തുകകൾ നിരാകരിക്കുന്നു.

# 3-11 കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന് തനതു ഫണ്ടിൽ നിന്നും നൽകിയ തുക നിരാകരിക്കുന്നു

2015-16 വർഷത്തിൽ ഐ.ടി.ഐ, വാണിയംകുളത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും വാടകയിനത്തിൽ ബിൽ നമ്പർ 51501139/29-3-2016, വൌച്ചർ നമ്പർ 21501130 പ്രകാരം 172446/- രൂപ നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള, സാങ്കേതികവകുപ്പിന്റെ കീഴിലുള്ള ഈ സ്ഥാപനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ലാത്തതിനാൽ ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാൻ നിർവാഹമില്ലാത്തതിനാൽ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുകയോ ചെലവഴിച്ച ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കുകയോ ചെയ്യേണ്ടതാണ്.
2009-2010 മുതൽ 2014-15 വരെ ഈയിനത്തിൽ നൽകിയ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും റീ ക്ലപ്പ് ചെയ്യേണ്ടതാണ്.

# 3-12 മരാമത്തു പ്രവൃത്തികൾ പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ.രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വകയിരുത്തിയത് | പ്രൊജക്റ്റുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്റ്റുകളുടെ എണ്ണം |
|---|---|---|---|
| 56606776 | 169 | 31103958(55%) | 117 |

1. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിക്കുമ്പോൾ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട തീയതികൾ രേഖപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു.
2. തൻവർഷത്തെ വർക്ക് ഫയലുകളിൽ ടെണ്ടർ മുഖേന നിർവ്വഹിച്ചവ പരിശോധിക്കുമ്പോൾ കരാറുകാർ ടെണ്ടറുകളോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റുകൾ നിയമാനുസൃത മാതൃകയിലല്ല എന്നു കാണുന്നു. വിരലിലെണ്ണാവുന്ന ടെണ്ടറുകൾ ഒഴികെയുള്ളവയിൽ പ്രിലിമിനറി എഗ്രിമെന്റുകളുടെ സ്ഥാനത്ത് കരാറുകാരന്റെ ഒപ്പുമാത്രമുള്ള blank സ്റ്റാമ്പ്പേപ്പർ ആണ് വെച്ചിരിക്കുന്നത്.
3. എല്ലാഫയലുകളിലും ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയക്കുന്നതായി രേഖ ഇല്ല.അയക്കുന്ന പല സെലക്ഷൻ നോട്ടീസിലും രേഖപ്പെടുത്തൽ പൂർണ്ണമല്ല. വർക്ക് ഓർഡർ നൽകുന്നില്ല.
4. ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല.അംഗീകരിച്ച ടെണ്ടർ, ഭരണസമിതി തീരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല. ടെണ്ടർ തുറന്ന അസി. എഞ്ചിനീയർ ടെണ്ടർ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.
5. ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വെക്കുമ്പോൾ എഗ്രിമെന്റ് ഷെഡ്യൂൾ അതോടൊപ്പം വെക്കുന്നില്ല.
6. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് എക്സ്ട്രാ ഐറ്റംസ് പ്രവൃത്തിയിൽ ഉൾപ്പെടുത്തുമ്പോൾ സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുന്നില്ല.
7. എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികളിൽ സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുന്നില്ല. പൂർത്തീകരണം വൈകുന്നവയിൽ പിഴ ഈടാക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളിൽ ക്വട്ടേഷൻ മുഖേന മോട്ടോർ, പമ്പ് ഹൗസ്, വാട്ടർ ടാങ്ക് മുതലായവ വാങ്ങുമ്പോൾ നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ അവയുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

# 3-13 ലക്ഷംവീട് കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ -എസ്റ്റിമേറ്റിലില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

പ്രൊജക്റ്റ്നം.145/15

അടങ്കൽ -200000/-

ബിൽനം.-2/20-06-15-167417/-

അളവുപുസ്തകം-221/14-15

മേൽ പ്രൊജക്റ്റിന്റെ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയിരുന്ന 3 ഇനങ്ങൾക്കു പുറമേ 4-ാം ഇനമായി കെ.എസ്.ഇ.ബിയിൽ CD,OYEC ചാർജസ് എന്നിവ അടവാക്കുന്നതിനായി 25100/- രൂപ ചെലവാക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇനം. 4 ഡീറ്റെയിൽഡ് എസ്റ്റിമേറ്റിലോ ടെണ്ടർ ഷെഡ്യൂളിലോ ഉൾപ്പെട്ടിട്ടില്ലാത്ത ഇനമാണ്. കൂടാതെ ഈയിനം ചെയ്തതുമൂലം യഥാർത്ഥ (അംഗീകൃത) എസ്റ്റിമേറ്റിലെ ഇനങ്ങളിൽ കുറവു വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട ഇനങ്ങൾ | | | | ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ചെയ്ത ഇനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ഇനം | പ്രവൃത്തി | അളവ് | തുക | ഇനം | പ്രവൃത്തി | അളവ് | തുക |
| 1 | പൈപ്പിടുന്നതിന് ട്രഞ്ച് കുഴിക്കുന്ന തിനും അതിനു ശേഷം മൂടുന്നതി നും എല്ലാ ചാർജ്ജ കളും ഉൾപ്പെടെ | $296.5m^3$ | 123522 | 1 | പൈപ്പിടുന്നതിന് ട്രഞ്ച് കുഴിക്കുന്ന തിനും അതിനു ശേഷം മൂടുന്നതി നും എല്ലാ ചാർജ്ജ കളും ഉൾപ്പെടെ | 232 m3 | 96651 |
| 2 | 63mm pvc പൈപ്പ് സപ്ളൈ ചെയ്യുന്നതിനും ഇടുന്നതിനുംഎല്ലാ ചെലവുകളും ഉൾപ്പടെ | 593m | 63451 | 2 | 63mm pvc പൈപ്പ് സപ്ളൈ ചെയ്യുന്നതിനും ഇടുന്നതിനുംഎല്ലാ ചെലവുകളും ഉൾപ്പടെ | 464m | 49648 |
| 3 | 50mmGIപൈപ്പ് സപ്ളൈ ചെയ്യുന്നതിനും ഇടുന്നതിനുംഎല്ലാ ചെലവുകളും ഉൾപ്പടെ | 40m | 12960 | 3 | 50mmGIപൈപ്പ് സപ്ളൈ ചെയ്യുന്നതിനും ഇടുന്നതിനുംഎല്ലാ ചെലവുകളും ഉൾപ്പടെ | 42m | 13608 |
| | _ | | | 4 | KSEB ചാർജസ് | | 25100 |
| | ആകെ | | 199938 | | ആകെ | | 185007 |

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ഇനം 4 ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിലും വൈദ്യുതി കണക്ഷൻ എടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.
2. നിലവിലുള്ള സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് അളവുകളിൽ വ്യതിയാനങ്ങൾ വരുത്തുമ്പോഴും പുതിയ ഇനം കൂട്ടിചേർക്കലും ആവശ്യമായി വരുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഉചിതമായ അധികാര സ്ഥാനത്തു നിന്ന് അംഗീകാരം വാങ്ങണമെന്ന KPWD മാന്വൽ, കേരളാ പഞ്ചായത്ത് രാജ് പൊതുമരാമത്തു ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
3. പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനം 4 ആവശ്യമാണെന്ന നിർവ്വഹണോദ്യോഗസ്ഥ ന്റെ ശുപാർശ,ഭരണസമിതി തീരുമാനം എന്നിവ ഇല്ല.

മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/28-09-2016 ) ലഭിച്ച മറുപടിയിൽ ഇത് ജോലിത്തിരക്കു മൂലം സംഭവിച്ച അപാകതയെന്നാണ് വിശദീകരണം. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ നിയമപ്രകാരമായ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി ഫണ്ടിൽ നിന്നും അനുമതിയില്ലാതെ ചെലവഴിച്ച തുക 25100/-രൂപ ചെലവ് സാധൂകരിച്ച് ക്രമീകരിക്കുന്നതുവരെ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

# 3-14 പി.എച്ച്.സി.യുടെ സൗകര്യാർത്ഥം നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുന്നില്ല

ഓഡിറ്റ് വർഷം പി.എച്ച്.സി.യ്ക്കുവേണ്ടി നിർമ്മിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുന്നില്ല എന്ന് 29.09.2016 ൽ നടന്ന പ്രാദേശിക പരിശോധനയിൽ കണ്ടെത്തി.

1.പി.എച്ച്.സി.യ്ക്കുവേണ്ടി പുതിയ കെട്ടിടം

പ്രൊജക്റ്റ്.- പി.എച്ച്.സി. അടിസ്ഥാനസൌകര്യം വർദ്ധിപ്പിക്കൽ (175/15)

അടങ്കൽ -1167249/-

ബിൽനം.-02/28-09-15-1167249 /-

പ്രൊജക്റ്റ് പ്രകാരം ലബോറട്ടറി ഉൾപ്പെടെയുള്ള 3 ഓഫീസ് റൂമുകൾ, ടോയ് ലറ്റ് ബ്ലോക്ക് എന്നിവയാണ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റ് ടീം പി.എച്ച്.സി സന്ദർശിച്ചപ്പോൾ ഈ കെട്ടിടം അടച്ചു പൂട്ടിയിട്ടിരിക്കുന്നതാണ് കണ്ടത്. ഔദ്യോഗികമായി ഉദ്ഘാടനം കഴിയാത്തതിനാലാണ് കെട്ടിടം ഉപയോഗിക്കാത്തത് എന്നാണ് പി.എച്ച്.സി. ജീവനക്കാർ അറിയിച്ചത്.

2.പി.എച്ച്.സി. യിൽ വനിതകൾക്ക് ലാട്രിൻ, മുലയൂട്ടുന്ന അമ്മമാർക്ക് വിശ്രമകേന്ദ്രം

പ്രൊജക്റ്റ്നം.180/15

അടങ്കൽ -1000000/-

ബിൽനം.-15/27-08-15- 987883/-

പ്രൊജക്റ്റ് പ്രകാരം പി.എച്ച്.സി. യിൽ വനിതകൾക്ക് ലാടിൻ, മുലയൂട്ടുന്ന അമ്മമാർക്ക് വിശ്രമകേന്ദ്രം, JPHN മാർക്ക് ഓഫീസ് റെസ്റ്റ് റൂം, ബാത്ത്റൂം,വരാന്ത (കമ്പി വലയിട്ട് അടച്ചത് )എന്നിവയാണ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റ് ടീം പി.എച്ച്.സി സന്ദർശിച്ചപ്പോൾ ഈ കെട്ടിടം അടച്ചു പൂട്ടിയിട്ടിരിക്കുന്നതാണ് കണ്ടത്. താക്കോൽ ലഭ്യമാകാത്തതിനാൽ തുറന്നു പരിശോധിക്കാൻ സാധിച്ചില്ല. കെട്ടിടത്തിൽ ജലലഭ്യത ഉണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ഇല്ല.

മേൽ സൂചിപ്പിച്ച രണ്ടു പ്രൊജക്റ്റുകളും നിലവിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. ഇവയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും തുറന്നു പ്രവർത്തിക്കുന്നതിനും ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-15 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ എല്ലാ പ്രവർത്തികളിലും സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച് കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പീരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ ആകെ 4767/- രൂപ

പിഴ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/28-09-2016 ) ലഭിച്ച മറുപടിയിൽ പിഴ ഈടാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1. ത്രാങ്ങാലി തുറന്ന കിണർ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ,മോട്ടോർ, പമ്പ് ഹൗസ് സ്ഥാപിക്കൽ

പ്രൊജക്റ്റ് നം.-224/15,185/16

പിഎസി- 499974/-

കരാറുകാരൻ- എം.ബാലകൃഷ്ണൻ

എഗ്രിമെൻറ് നം- 92/19.02.15

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.03.2015

സ്ഥലം കൈമാറിയത്-19.02.15

പൂർത്തീകരിച്ച തീയതി-27.06.15

അളവു പുസ്തകം- 169/11-12

ഫൈനൽ ബിൽ - 16/19.08.2015

പിഴ ഈടാക്കേണ്ടത്-09-04-15 മുതൽ 26.06.15 വരെ ( 8ദിവസം ഗ്രേസ് പിരീഡ് )

ആദ്യത്തെ മൂന്നു മാസത്തിന് പി.എ.സി.യുടെ1% -499974/-*1%*79/90=4389/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 4389/-

2.മലയത്തമ്മ കോളനി കുഴൽകിണറിനു മോട്ടോർ സ്ഥാപിക്കൽ

പ്രൊജക്റ്റ് നം.-94/15

പിഎസി- 59500

കരാറുകാരൻ-സ്കറിയ ഏലിയാസ്

എഗ്രിമെൻറ് നം- 48/21-11-2015

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 14/27.07.15- 31.03.2015

സ്ഥലം കൈമാറിയത്-21-11-2014

പൂർത്തീകരിച്ച തീയതി-05-05-2015

അളവു പുസ്തകം-40/14-15

ഫൈനൽ ബിൽ - 14/27.07.2015-55500/-

പിഴ ഈടാക്കേണ്ടത്- 01-04-2015 മുതൽ-4-05-2015 വരെ (മോട്ടോർ വാങ്ങി സ്ഥാപിക്കൽ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കാവശ്യമായ സമയം ലഭ്യമായിരുന്നു എന്നതിനാൽ ഗ്രേസ് പിരീഡിനർഹതയില്ല)

ആദ്യത്തെ മൂന്നു മാസത്തിന് പി.എ.സി.യുടെ1% - 1000(minium)*34/90=378/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 378/-

# 3-16 നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തി ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള KPWD

മാന്വൽ പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ(ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ റേറ്റിലും നിബന്ധനയിലും കരാറേറ്റെടുക്കാമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം.ഇത് സാദ്ധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ 2992/-രൂപ ഈടാക്കേണ്ടതാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് - കഴനിക്കോട് പതിപ്പാറ റോഡ് ടാറിംഗ് (17/16)

പിഎസി- 299156/-

ടെണ്ടർ ചെയ്തത്-08-09-15

ടെണ്ടർ അംഗീകരിച്ചത് - 09-09-15ലെതീരുമാനം നം.4

കരാറുകാരൻ- രാജേഷ്

എഗ്രിമെൻറ് നം- 64/07.01.16

അളവ് പുസ്തകം- 169/11-12

ഫൈനൽ ബിൽ - 16/19.08.2015

പിഴ ഈടാക്കേണ്ടത്- 2992/-

# 3-17 മലയത്തമ്മ കോളനി കുഴൽ കിണറിനു മോട്ടോർ സ്ഥാപിക്കൽ-ടെണ്ടർ ബിലൊ കുറവു ചെയ്തിട്ടില്ല -അധികച്ചെലവ്

പ്രൊജക്റ്റ് നം.-94/15

പിഎസി- 59500

കരാറുകാരൻ-സ്കറിയ ഏലിയാസ് (എസ്റ്റിമേറ്റിനേക്കാൾ 1% കുറവ്)

അളവ് പുസ്തകം-40/14-15

ഫൈനൽ ബിൽ -14/27.07.2015- 55500/-

മേൽ പ്രവൃത്തിയുടെ അളവു പുസ്തകം, ഫൈനൽ ബിൽ എന്നിവ പരിശോധിക്കുമ്പോൾ എസ്റ്റിമേറ്റിലുള്ള രണ്ടിനങ്ങളിൽ ഇനം1.-3HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്നതിന് 55500/- രൂപ ചെലവു വന്നിട്ടുണ്ട്. എന്നാൽ ഇനം 2.- ഇലക്ട്രിഫിക്കേഷൻ, CD, OYEC ചാർജസ് എന്നിവയ്ക്കായി വകയിരുത്തിയ 4000/- രൂപ ചെലവഴിച്ചിട്ടില്ല. ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 55500/-ആയ ഈ പ്രവൃത്തിയുടെ കരാറുകാരന് തുക നൽകുമ്പോൾ 1% ടെണ്ടർ കുറവ് ആയ 555/- രൂപ കുറവുചെയ്യാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്. ആയതിനാൽ അധികം ചെലവു ചെയ്ത തുക 555/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-18 കുടിവെള്ള പദ്ധതികൾ-ഭാഗികമായി ചെയ്യുന്നത് ഒഴിവാക്കണം

ഓഡിറ്റ് വർഷം പ്രവൃത്തി ചെയ്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ ഫയൽ പരിശോധിക്കുമ്പോൾ പദ്ധതികൾക്ക് ഭാഗികമായി മാത്രമേ തുക വകയിരുത്തുകയും പ്രവൃത്തി ചെയ്യുകയും ചെയ്തിട്ടുള്ളൂ എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമനം | പ്രവൃത്തി | ചെലവ് | തൻവർഷം വരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | ലക്ഷംവീട് കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ-145/15 | 167417/- | പൈപ്പ് ലൈൻ നീട്ടൽ, വൈദ്യുതി കണക്ഷൻ |
| 2 | ത്രാങ്ങാലി കോളനി തുറന്ന കിണർ കുടിവെള്ള പദ്ധതി 224/15 | 500000/- | നിലവിലുണ്ടായിരുന്ന കിണറിന് പാരപ്പെറ്റ് കെട്ടൽ, പമ്പ്ഹൌസ്, 5HP മോട്ടോർ സ്ഥാപിക്കൽ ,പൈപ്പ് ലൈൻ നീട്ടൽ,<br>(വൈദ്യുതി കണക്ഷൻ ഇല്ല) |
| 3 | മലയത്തമ്മ കോളനി കുഴൽകിണറിനു മോട്ടോർ സ്ഥാപിക്കൽ 94/15 | 55500/- | നിലവിലുണ്ടായിരുന്ന കുഴൽ കിണറിന് 3 HP മോട്ടോർ സ്ഥാപിക്കൽ (വൈദ്യുതി കണക്ഷൻ ഇല്ല) |
| 4 | നായാടി കോളനി കുടിവെള്ള പദ്ധതി 72/16 | 77800- | കുഴൽ കിണർ മാത്രം |
| 5. | അങ്ങാടിക്കുന്നു കോളനി തുറന്ന കിണർ കുടിവെള്ള പദ്ധതി, 52/16 | 164508- | പമ്പ്ഹൌസ്, 5HP മോട്ടോർ സ്ഥാപിക്കൽ , പൈപ്പ് ലൈൻ നീട്ടൽ,<br>(വൈദ്യുതി കണക്ഷൻ ഇല്ല) |
| 6 | പ്ളാക്കൂട്ടം കോളനി കുഴൽകിണർ, 24/16 | 77700/- | കുഴൽ കിണർ മാത്രം |

12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു കുടിവെള്ള പദ്ധതി തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾ ക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കണം. പദ്ധതി മാർഗ്ഗരേഖയനുസരിച്ച്

പദ്ധതികളാവിഷ്കരിക്കേണ്ടതും അതിന്റെ പ്രയോജനം എത്രയും വേഗം ജനങ്ങളിലെത്തിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 കുടിവെള്ള പദ്ധതികൾ -ഗുണഭോക്തൃസമിതിക്ക് കൈമാറി നൽകിയിട്ടില്ല

2014-15 വർഷത്തിൽ ആരംഭിച്ച് 2015-16 വർഷത്തിൽ പൂർത്തീകരിച്ചതുമായ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നാളിതുവരെയായി ഗുണഭോക്തൃസമിതിക്ക് കൈമാറി നൽകിയിട്ടില്ല.

| ക്രമനം | പദ്ധതി | പദ്ധതി പൂർത്തീകരിച്ചത് |
|---|---|---|
| 1 | കുണ്ട്കാട് കോളനി കുടിവെള്ള പദ്ധതി | 28.03.15 |
| 2 | വാച്ചാക്കര കോളനി കുടിവെള്ള പദ്ധതി | 16.03.2016 |
| 3 | 4 സെന്റ് കോളനി കുടിവെള്ള പദ്ധതി | 12.03.2016 |

പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം കുടിവെള്ള പദ്ധതികൾ നിർവ്വഹണം പൂർത്തിയായാലുടൻ ഗുണഭോക്തൃസമിതികളെ ഏല്പിക്കേണ്ടതും തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതുമാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്താക്കളുടെ സംരക്ഷണ കമ്മിറ്റി രൂപീകരിച്ച് നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച എഗ്രിമെന്റുവെച്ച് കൈമാറേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ പുതുതായി നിർമ്മിക്കപ്പെടുന്ന കുടിവെള്ള പദ്ധതികളുടെ ചുമതലകൾ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇവ എഗ്രിമെന്റുവെച്ച് കൈമാറി നൽകിയിട്ടുള്ളതിന്റെ വിവരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ, എഗ്രിമെന്റുകൾ എന്നിവ പരിശോധിക്കുമ്പോൾ എഗ്രിമെന്റുകൾ ഗുണഭോക്തൃസമിതിയുടെ ഒപ്പുമാത്രം രേഖപ്പെടുത്തിയ blankസ്റ്റാമ്പ് പേപ്പർ ആണെന്ന് കാണുന്നു.നിയമാനുസൃതം എഗ്രിമെന്റുവെച്ച് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 പദ്ധതി ഫണ്ടിൽ നിന്നും പട്ടികജാതി വിഹിതം റോഡുകൾക്കായി ചെലവഴിക്കുമ്പോൾ റോഡ് കോളനിക്കകത്താണെന്ന് ഉറപ്പാക്കണം.

സർക്കാർ ഉത്തരവ് (എം.എസ്) നം: 362/13 ത.സ്വ.ഭ.വ. തീയതി: 16.11.13 പ്രകാരം പുറപ്പെടുവിച്ച 12-ാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ഖണ്ഡിക 9.3(ii) പ്രകാരം പട്ടികജാതി പട്ടികവർഗ വിഹിതം റോഡുകളുടെ കാര്യത്തിൽ കോളനിക്കുള്ളിലെ റോഡുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം 15റോഡ് പ്രവൃത്തികൾക്കായി SCP ഫണ്ടിൽ നിന്നും 3240292 /-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ റോഡുകൾ പട്ടികജാതി കോളനിക്കുള്ളിലാണ് എന്ന് പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി യിട്ടില്ല. 51%ൽ അധികം ഗുണഭോക്താക്കൾ പട്ടികജാതിക്കാരാണ് എന്ന സാക്ഷ്യപത്രമാണ് പട്ടികജാതി ഓഫീസർ ലഭ്യമാക്കിയത്. പദ്ധതി നടപ്പാക്കുമ്പോൾ സുതാര്യത ഉറപ്പാക്കാനായി വ്യക്തമായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 എസ്റ്റിമേററ് പ്രകാരമുള്ള ഇനങ്ങൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗ സ്ഥർ ശ്രദ്ധിക്കണം

താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേററ് പ്രകാരമുള്ള ഇനങ്ങൾ പൂർത്തീകരിച്ചിട്ടില്ല

1.മനിശ്ശീരി പനമണ്ണ റോഡ് റീടാറിംഗ്(50/15)

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയിട്ടുള്ള 1000000/- രൂപ വകയിരുത്തിയിട്ടുള്ള ഈ പ്രവൃത്തിയുടെ ഫയൽ പ്രകാരം 711431/-രൂപ പാർട്ബിൽ ആയി നൽകിക്കാണുന്നു.10% റിട്ടെൻഷൻ തുക ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്.26.03.2015 ന് അവസാനമായി അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ച് ഫൈനൽ ബില്ല് ക്ളെയിം ചെയ്തിട്ടില്ല. എസ്റ്റിമേററ് പ്രകാരം 1222മീറ്റർ റീടാറിംഗ് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും 833മീറ്റർ മാത്രമേ പാർട്ബിൽ പ്രകാരംചെയ്തിട്ടുള്ളൂ. പ്രവൃത്തി ഈസ്റ്റേജിൽ അവസാനിപ്പിച്ചതായി രേഖകളില്ല.

2.കാക്കരപ്പടി മണ്ണ് റോഡ് ഫില്ലിംഗ് -149/15

120000/-രൂപ വകയിരുത്തിയിട്ടുള്ള ഈ പ്രവൃത്തിയിൽ ആദ്യ എസ്റ്റിമേററിൽ100മീറ്റർ നീളം3.2മീറ്റർ വീതിയിൽ 0.3മീറ്റർ കനത്തിൽ മണ്ണ്ഫില്ലിംഗും അതിനു മുകളിൽ 0.2മീറ്റർ കനത്തിൽ ക്വാറി വേസ്റ്റ് ഫില്ലിംഗും ആണ് നിർദ്ദേശിച്ചിരുന്നത്.എന്നാൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ നീളം 243മീറ്റർ ആക്കി വ്യത്യാസം വരുത്തി പ്രവർത്തി ചെയ്തിട്ടുണ്ട്. എന്നാൽ അളവുപുസ്തകം പരിശോധിക്കുമ്പോൾ ക്വാറി വേസ്റ്റ് 0.10 മീറ്റർ കനത്തിൽ മാത്രമേ ചെയ്തിട്ടുള്ളൂ എന്നു കാണുന്നു. പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ മാറ്റം വരുത്തുന്ന തരത്തിലുള്ള ഈ വ്യതിയാനം വർക്ക് സ്ലിപ്പിൽ വിശദീകരിക്കപ്പെട്ടിട്ടില്ല.

3.മുല്ലക്കൽ കോളനി റോഡ് പാലം വരെ റോഡ് നിർമ്മാണം,റോഡ് കോൺക്രീറ്റിംഗ്, റാംബ് നിർമ്മാണം -218/15

400000/-രൂപ വകയിരുത്തിയിട്ടുള്ള ഈ പ്രവൃത്തിയിൽ റോഡ് നിർമ്മാണം,റോഡ് കോൺക്രീറ്റിംഗ്, റാംബ് നിർമ്മാണം എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും കോൺക്രീറ്റിംഗ് പ്രവൃത്തി ഒഴിവാക്കി ബാക്കിയുള്ളവ മാത്രമേ ചെയ്തിട്ടുള്ളൂ .187578/-രൂപ ചെലവ് ചെയ്ത പ്രവർത്തിയുടെ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. പ്രവൃത്തിയിൽ വ്യതിയാനം വന്നതിന് വിശദീകരണമോ അംഗീകരിക്കപ്പെട്ട വർക്ക് സ്ലിപ്പോ ഇല്ല. പ്രവൃത്തി ഈസ്റ്റേജിൽ അവസാനിപ്പിച്ചതായി രേഖകളില്ല.

പ്രൊജക്റ്റുകൾക്കു വേണ്ടി വകയിരുത്തിയ മുഴുവൻ തുക വിനിയോഗിക്കുന്നതിനും എസ്റ്റിമേററ് പ്രകാരമുള്ള ഇനങ്ങൾ പൂർത്തീകരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

# 3-22 വാണിയംകുളം ചന്ത നവീകരണം- പ്രൊജക്റ്റ് നടപ്പിലായില്ല

തൻ വർഷം പ്രൊജക്റ്റ് നം.280/16 ആയി വാണിയംകുളം ചന്തയുടെ നവീകരണത്തിനായി കേന്ദ്രാവിഷ്കൃത ഫണ്ട് (RKVY)ൽ നിന്നും 7297110/-രൂപയും തനതുഫണ്ടിൽ നിന്നും 227890/-രൂപയും ഉൾപ്പെടെ ആകെ 7525000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ തൻവർഷം ഈ പ്രൊജക്റ്റ് നടപ്പിലായിട്ടില്ല.2014-15 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6 ഏക്കറോളം വിസ്തൃതിയുള്ള കാലി ചന്തയുടെ നവീകരണത്തിനായി കൺസൾട്ടൻസി ജോലികൾ എറ്റെടുക്കുന്ന ഇങ്കൽ ലിമിററഡ് ,തൃക്കാക്കര, കൊച്ചിക്ക് 44,99,50000 രൂപ അടങ്കൽ വരുന്ന ഡിസൈൻ, ഡ്രോയിങ്, എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടുന്ന ഡിറ്റയിൽഡ് ടെക്ക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കിയതിന് പതിനഞ്ച് ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/28.09.16) ലഭിച്ച മറുപടി പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് (RKVY)ൽ നിന്നും 7297110/-രൂപ വകയിരുത്തിയതിന് മൃഗസംരക്ഷണവകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി (കോസ്റ്റ്ഫോർഡ് ) മുഖേന ചെയ്യാനുദ്ദേശിച്ചിട്ടുള്ള ഈ പ്രൊജക്റ്റിന് ചീഫ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി (15.03.2016 അപേക്ഷിച്ചത്) ലഭിക്കാത്തതി നാലാണ് പ്രവൃത്തി തുടങ്ങാത്തത് എന്നാണ്.

സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പതിനഞ്ച് ലക്ഷം രൂപ ചെലവഴിച്ച് തയ്യാറാക്കിയ ഡിറ്റയിൽഡ് ടെക്ക്നിക്കൽ റിപ്പോർട്ട് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ച് കാലി ചന്തയുടെ നവീകരണം പൂർത്തിയാക്കുന്നതിന് സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 105000 | വികലാംഗർക്ക് ത്രീവീലർ | 105000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | വികലാംഗർക്ക് സ്കോളർഷിപ്പ് | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 179000 | ഉഴവ് കൂലി | 179000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് മുൻകൂർ നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയതി |
|---|---|---|---|---|
| 2011-12 | 2(1)-A | 1250+488=1738 | സെക്രട്ടറി, കോപ്പറേറ്റീവ് അർബൻ ബാങ്ക്, ഒറ്റപ്പാലം | 11504101526/19-06-15 |
| | | 2500 | മാവേലി സ്റ്റോർ | 11504500002/30-06-15 |
| | | 1250 | കെ. എസ്.ഇ. ബി | 11504102147/01-08-15 |
| 2011-12 | 2(1) -B | 348 | ഹെഡ്മിസ്ട്രസ്, ജി. എച്ച്. എസ്, കുനത്തറ | 11504101532/20-06-15 |

| | | | | |
|---|---|---|---|---|
| 2011-12 | 3(4) | 7700 | അഭിലാഷ് കൃഷ്ണൻ,അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി | 11504103668/20-10-15 |
| | | 8711 | | 11504103671/20-10-15 |
| | | 19869 | | 11504103672/20-10-15 |
| | | 36000 | | 11504103673/20-10-15 |
| | | 11333 | | 11504103674/20-10-15 |
| 2012-13 | 3-2 | 1166 | അഭിലാഷ് കൃഷ്ണൻ,അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി | 11504103669/20-10-15 |
| | | 1343 | | 11504103670/20-10-15 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2002-03 | 1.9.1.1 | കുഴൽക്കിണർനിർമ്മാണം-അധിക തുക നൽകിയത് നിരാകരിക്കുന്നു | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00 | 34 | 2002-03 | 1.9.21 | ടെണ്ടർ നൽകിയ പ്രവൃത്തികൾക്ക് സി.പി. നൽകിയത് നിരാകരിക്കുന്നു. | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00 | 16 | 2002-03 | 1.9.3.1 | D&O ലൈസൻസ് ഫീ പിരിച്ചതിൽ വന്ന കുറവ് | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00 | 5 | 2004-05 | 3.9.1.5.1 | 6.36 ലക്ഷത്തിന്റെ ചെലവിന് രേഖകൾ ഹാജരാക്കിയില്ല. | അന്തിമ തീരുമാനമായിട്ടില്ല |
| 2003-04 | 3-16 | 2007-08 | 3.5.4.1 | സമ്പൂർണ്ണശുചിത്വപരിപാടി-കക്കൂസ് നിർമ്മാണം-കൂടിയ ടെണ്ടർ സ്വീകരിച്ചതു മൂലം നഷ്ടമുണ്ടായി. | അന്തിമ തീരുമാനമായിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48070158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64161851 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,62,777 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 565528 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 155575 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 162777 | | സി.ജി.ജയകൃഷ്ണൻ, സെക്രട്ടറി |
| 3-1 | | 7500 | ഡോ. ശ്രീജ,,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-10 | | 377268 | സി.ജി.ജയകൃഷ്ണൻ, സെക്രട്ടറി |
| 3-11 | | 172446 | സി.ജി.ജയകൃഷ്ണൻ, സെക്രട്ടറി |
| 3-15 | | 4767 | അനഷ.ആർ, അസി.എഞ്ചിനീയർ |
| 3-16 | | 2992 | അനഷ.ആർ, അസി.എഞ്ചിനീയർ |
| 3-17 | | 555 | അനഷ.ആർ, അസി.എഞ്ചിനീയർ |
| ആകെ | 162777 | 565528 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 45500 | ഡോ.ശ്രീജ,മെഡിക്കൽ ഓഫീസർ,പിഎച്ച്.സി. |
| 3-3 | 34975 | ശാന്താകുമാരി.പി, ഹെഡ്മിസ്ട്രസ് |
| 3-4 | 50000 | ടി |
| 3-13 | 25100 | അനഷ.ആർ, അസി.എഞ്ചിനീയർ |
| | | |
| ആകെ | 155575 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
2-1
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന
നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | അനുഷ.ആർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് | ആര്യമ്പള്ളം, ചിറ്റൂർ,പാലക്കാട്. |
| 2 | ശാന്താകുമാരി.പി, ഹെഡ്മിസ്ട്രസ് | | ചക്കാലക്കൽ, മൂർക്കനിക്കര, കൊഴുക്കുള്ളി,തൃശ്ശൂർ. |
| 3 | സി.ജി.ജയകൃഷ്ണൻ, സെക്രട്ടറി | | കുന്നാപാറക്കൽ, തോട്ടക്കര,ഒറ്റപ്പാലം, പാലക്കാട്. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP8/57/2000/ 12-10-2000 | ഫർദർ റിമാർക്സ് |
| 1998-99 | LFP11/753/2002/ 9-10-2002 | -do- |
| 1999-00 | LFP12/815/2004/ 10-09-2004 | -do- |
| 2000-01 | LFP12/816/04/30-09-05 | -do- |
| 2001-02 | LFP14/483/04/16-07-04 | -do- |
| 2002-03 | LFP14/380(1)/07/ 25-1-08 | -do- |
| 2003-04 | LFP16/794/12/12.9.12 | -do- |
| 2004-05 | LFP16/1812/11/ 15.12.11 | -do- |
| 2005-06 | LFP16/1813/11/3.12.11 | -do- |
| 2006-07 | LFP16/1815/11(2)/3.12.11 | -do- |
| 2007-08 | LFP16/11((1)/3.12.11 | -do- |
| 2008-09 | LFP16/1901/11/3.12.11 | -do- |
| 2009-10<br>2010-11 | LFP16/1890/13/4.4.14 | -do- |
| 2011-12 | LFP16/1270/2014 | മുഴുവൻ |
| 2012-13<br>2013-14&2014-15 | LFP20/1102/2015<br>KSA.PKD.16/1364/2016/03.08.2016 | മുഴുവൻ<br>മുഴുവൻ |

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

CERTIFICATE

Certified that I have examined the Annual Financial Statement of VANIAMKULAM GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions

in my opinion the financial statements of VANIAMKULAM GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

VANIAMKULAM GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. Demand and Arrear demand registers are not prepared. The figures shown in AFS, are not in agreement with the Sanchaya Software.

Deputy Director

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാണിയംകുളം ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**വാണിയംകുളം ഗ്രാമ പഞ്ചായത്ത്**

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

**1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .**

**2.ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.**

ഡെപ്യൂട്ടി ഡയറക്ടർ